സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എഞ്ചിനീയറിംഗ് പ്രവേശനം

17 (*407) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പ്രവേശന വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്വകാര്യ മാനേജ്മെന്റുകൾക്ക് സഹായകമാകുന്ന ഇത്തരം തീരുമാനങ്ങൾ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്തെ മൂല്യത്തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൂല്യത്തകർച്ച സംബന്ധിച്ച് ഹൈക്കോടതി നടത്തിയിരുന്ന പരാമർശം കണക്കിലെടുത്ത് ഇത്തരം എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) സ്വകാര്യ സ്വാശ്രയ/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനം AICTE മാനദണ്ഡപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 4-6-2015 ലെ ജി.ഒ. (എംഎസ്.) നമ്പർ 236/2015/ഉ.വി.വ., 7-7-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 392/2015/ഉ.വി.വ. നമ്പർ ഉത്തരവുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയും സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ നേടേണ്ട കുറഞ്ഞ മാർക്ക് കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് എ.ഐ.സി.ടി.ഇ. (AICTE) അംഗീകരിച്ച മാനദണ്ഡമാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) AICTE അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് സ്വകാര്യ സ്വാശ്രയ/ സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിൽ യോഗ്യത മാർക്കിൽ മാറ്റം വരുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 3-12-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1968/11/ഉ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജുകൾക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 31-1-2012 ലെ ജി.ഒ. (ആർ റ്റി.) 217/12/ഉ.വി.വ., 11-1-2013-ലെ ജി.ഒ. (ആർറ്റി.) 44/13/ഉ.വി.വ, 31-1-2013-ലെ ജി.ഒ. (ആർറ്റി.) 140/13/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പുതുതായി രൂപീകൃതമായ സാങ്കേതിക സർവ്വകലാശാല എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായവില

18 (*408) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) 1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28 എ (4)-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച് ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly